DESPATCHED
On..28/02/2020

31/01/20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic@kerala.nic.in

**ഹർജി നമ്പർ CP.No. 875(5)/18/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 13019/SIC-G7/2018**

സന്നിഹിത
ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| **ശ്രീ. അനിൽ ആൽബിൻ, പാർട്ണർ, മേലയിൽ ഇൻഡസ്ട്രിയൽ & കൊമേഴ്സ്യൽ എന്റർപ്രൈസസ് (MICE), മേലയിൽ, മതിലിൽ, പെരിനാട് പി.ഒ., കൊല്ലം – 691 601..** | **പരാതിക്കാരൻ** |
| **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, O/o സ്പെഷ്യൽ തഹസിൽദാർ (LA.1) കൊല്ലം.** | **എതിർകക്ഷി** |

## ഉത്തരവ്

1. പരാതിക്കാരൻ 31.08.2018 ലെ വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, 09.07.1990 ലെ 4 (1) നോട്ടിഫിക്കേഷനിൽ പ്രതിപാദിക്കുന്ന കൊല്ലം ജില്ലയിൽ ശക്തികുളങ്ങര വില്ലേജിൽ റീ സർവ്വെ നമ്പർ 16/11 ൽ പെട്ട 9.08 ആർസ് വസ്തുവിന്റെ നഷ്ടപരിഹാരതുക മേലയിൽ ഇൻഡസ്ട്രിയൽ ആന്റ് കൊമേഴ്സ്യൽ എന്റർപ്രൈസസ് നൽകണമെന്നാണ്.

2. മേപ്പടി വിവരാവകാശ അപേക്ഷയ്ക്ക് വിവരം ലഭ്യമാകാത്തതിനെ തുടർന്ന് ടിയാൻ 13.09.2018 ൽ മറ്റൊരു വിവരാവകാശ അപേക്ഷ കൂടി സമർപ്പിച്ചു. അതിൽ 31.08.2018 ലെ വിവരാവകാശ അപേക്ഷയ്ക്ക് നാളിതുവരെ സ്വീകരിച്ച നടപടിയും മറ്റ് കുറെ വിവരങ്ങളും ഉൾപ്പെടുത്തിയിരുന്നു. തുടർന്ന് ടിയാൻ കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ചു. രണ്ട് തീയതികളിലെ വിവരാവകാശ അപേക്ഷകളും ഉൾപ്പെടുത്തികൊണ്ടാണ് ടിയാൻ കമ്മീഷൻ മുമ്പാകെ പരാതി നൽകിയത്. ഇവിടെ കമ്മീഷൻ പരിഗണിച്ചതും ഹിയറിംഗിനായി തീരുമാനിച്ചതും 31.08.2018 ൽ സമർപ്പിച്ച അപേക്ഷയാണ്.

3. പരാതി ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. നേർവിചാരണയ്ക്ക് ഹാജരായ പരാതിക്കാരൻ കമ്മീഷൻ മുമ്പാകെ എഴുതി നൽകിയ സ്റ്റേറ്റ്മെന്റിൽ അറിയിക്കുന്നത്, 13.11.2018 ലെ വിവരാവകാശ അപേക്ഷയ്ക്ക് 28.11.2018 ൽ വിവരം ലഭ്യമായി എന്നും ടി വിവരം തൃപ്തികരമല്ല എന്നും റവന്യു ബോർഡിന്റെ

24.04.1990 ലെ കെ.ഡിസ്.14058/90/എൽ. ആർ (സി) 1 –ാം നമ്പർ ഉത്തരവ് വാങ്ങിയെടുക്കുന്ന തിന് ഹാജരാക്കിയ രേഖകളുടെ അറ്റസ്റ്റഡ് കോപ്പികൾ ലഭിച്ചില്ല എന്നാണ്.

4. എസ്.പി.ഐ.ഒ. കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്, 13.09.2018 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 28.11..2018 തീയതി മറുപടി നൽകി എന്നും ഒരേ വിഷയവുമായി ബന്ധപ്പെട്ട് ഒന്നിലധികം പരാതികൾ നൽകുന്നുണ്ട് എന്നും നീണ്ടകര ഫിഷിംഗ് ഹാർബർ വികസനത്തിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് സമർപ്പിച്ച 35 ഓളം അപേക്ഷ കളിൽ ആവശ്യമുള്ള രേഖകൾ ലഭ്യമാക്കുന്നതിനായി പ്രസ്തുത ഓഫീസിലെ നീണ്ടകര ഫിഷിംഗ് ഹാർബർ വികസനവുമായി ബന്ധപ്പെട്ട് ലഭ്യമായ ഫയലുകൾ പരിശോധിച്ച് ആവശ്യ മുള്ള രേഖകൾ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ നിശ്ചിത ഫീസ് അടച്ച് കൈപ്പറ്റാം എന്ന് അറിയിക്കുകയും ഉണ്ടായി എന്നുമാണ്.

5. പരാതി ഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിക്കുമ്പോൾ, ഏതു തീയതി സമർപ്പിച്ച പരാതിയാണെന്നോ മറുപടി ആണെന്നോ പരാതിക്കാരനും സംശയമുണ്ട് എന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടു. 31.08.2018 ലെ അപേക്ഷയുമായി ബന്ധപ്പെട്ട് നൽകിയ സ്റ്റേറ്റ്മെന്റിൽ 13.11.2018 ലെ വിവരാവകാശ അപേക്ഷയെ കുറിച്ചാണ് പരാമർശിച്ചിരിക്കുന്നത്.

6. ഇത്തരത്തിൽ ധാരാളം അപേക്ഷകൾ നൽകി ഉദ്യോഗസ്ഥരെ ബുദ്ധിമുട്ടി ക്കുന്നതിന് പകരം പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയലുകൾ ഓഫീസിൽ നേരിട്ടെത്തി പരിശോധിച്ച് ആവശ്യപ്പെട്ട രേഖകൾ പരാതിക്കാരൻ ലഭ്യമാക്കുന്നതാണ് ഉചിതം എന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടു.

7. ഈ സാഹചര്യത്തിൽ പരാതിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യ പ്പെട്ട വിവരം/പകർപ്പുകൾ ലഭ്യമാക്കുന്നതിനായി എതിർകക്ഷിയുടെ ഓഫീസിൽ നേരിട്ടെത്തി പരിശോധിക്കേണ്ടതും ആവശ്യപ്പെട്ട പകർപ്പുകൾ ലഭ്യമാക്കേണ്ടതുമാണ്. ഇത്തരത്തിൽ രേഖകൾ പരിശോധിക്കുന്നതിനായി പരാതിക്കാരൻ ഓഫീസിൽ ഹാജരാകുന്ന സമയം എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കേണ്ടതാണെന്ന് എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകുന്നു. ഇപ്രകാരം ഈ പരാതി ഹർജി **ഇന്നേ ദിവസം 2020 ജനുവരി മാസം 31 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ഫിനാൻസ് എക്സ്പേർട്ട്**

RIGHT TO INFORMAT.